വൈദ്യുതീകരിക്കുന്നതിന് 1996-ൽ 2, 54, 000 രൂപയുടെ എസ്റ്റിമേറ്റിന് പഞ്ചായത്ത് ഭരണാനുമതി നൽകിയിട്ടുണ്ട്. പക്ഷേ, തുക വകയിരുത്തിയിട്ടും വനത്തിലൂടെ 11 കെ.വി. ലൈൻ വലിക്കേണ്ടതായിട്ടുള്ളതുകൊണ്ട് ഈ പ്രവൃത്തി നടപ്പാക്കുവാൻ കഴിയുന്നില്ല. 1996 മുതൽ പദ്ധതി പാസ്സായിട്ടും വൈദ്യുതീകരണ പ്രവർത്തനം നടത്തുവാൻ കഴിയാത്തതിനാൽ ആദിവാസികൾ വിഷമിക്കുകയാണ്. നിരവധി തവണ അനുമതി ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിലേയ്ക്ക് എഴുതിയിട്ടും അതിന്റെ നടപടിക്രമം പൂർത്തിയാക്കിയിട്ടില്ല. അതുകൊണ്ടുതന്നെ വൈദ്യുതീകരണ പ്രക്രിയ തടസ്സപ്പെട്ടിരിക്കുകയാണ്. ആദിവാസികൾ ഒരു പ്രക്ഷോഭത്തിന്റെ വക്കിലാണ്. അതുകൊണ്ട് എത്രയും വേഗം വനംവകുപ്പിന്റെ തടസ്സം ഒഴിവാക്കിക്കൊണ്ട് വൈദ്യുതി ലൈൻ വലിക്കുന്നതിനുള്ള അനുവാദം കൊടുത്തുകൊണ്ട് വൈദ്യുതീകരിക്കുന്നതിനുള്ള ഏർപ്പാട് ഉണ്ടാക്കിക്കൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) : സർ, കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ 'പെരുവ' ആദിവാസി കോളനി വൈദ്യുതീകരിക്കുന്നതിനായി മരങ്ങൾ മുറിയ്ക്കണമെന്ന് ആവശ്യപ്പെട്ട് കോളിയോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റും ബഹുമാനപ്പെട്ട കൂത്തുപറമ്പ് എം.എൽ.എ. ശ്രീമതി കെ. കെ. ശൈലജ ടീച്ചറും നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. വനത്തിനുള്ളിലൂടെ കമ്പി ലൈൻ വലിക്കുന്നതിനും മരങ്ങൾ മുറിച്ചു മാറ്റാനും 1980-ലെ കേന്ദ്ര വനസംരക്ഷണ നിയമം (Forest Conservation Act, 1980) അനുസരിച്ച് കേന്ദ്രസർക്കാരിന്റെ അനുവാദം ആവശ്യമാണ്. 1980-ലെ കേന്ദ്രവനസംരക്ഷണ നിയമം സെക്ഷൻ 2 അനുസരിച്ച് മുൻകൂട്ടിയുള്ള അനുവാദം ലഭിക്കുന്നതിനാവശ്യമായ പ്രൊഫോർമ വിവരം നൽകുന്നതിനായി ഉപഭോക്തൃ ഏജൻസിയായ കോളിയോട് പഞ്ചായത്ത് പ്രസിഡന്റിനോട് 29-8-1998-ൽ അഭ്യർത്ഥിക്കുകയും വിവരം കണ്ണൂർ ഡി.എഫ്.ഒ.യെ അറിയിക്കുകയും ചെയ്തിരുന്നു. ഇതു സംബന്ധിച്ച് 21-01-2000-ൽ കണ്ണൂർ ഡി.എഫ്.ഒ. വൈദ്യുതി ലൈൻ വലിക്കുമ്പോൾ വിവിധ ഇനങ്ങളിൽപ്പെട്ട 54 മരങ്ങൾ മുറിക്കേണ്ടിവരുമെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മരങ്ങൾ ഒന്നുംതന്നെ മുറിയ്ക്കാതെ കമ്പി ലൈൻ വലിക്കുന്നതിന്റെ സാധ്യതകളെക്കുറിച്ച് ഇലക്ട്രിസിറ്റി ബോർഡ് അസിസ്റ്റന്റ് എഞ്ചിനീയർമാർ ആലോചിച്ച് ആവശ്യമായ പ്രൊഫോർമ, മേപ്പ് എന്നിവ സഹിതം ഉടൻതന്നെ സമർപ്പിക്കുന്നതാണ് എന്ന് കണ്ണൂർ ഡി.എഫ്.ഒ. അറിയിച്ചിട്ടുണ്ട്. മേൽപ്പടി വിശദാംശം ലഭിച്ചാൽ ഉടൻതന്നെ കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമാക്കാൻ ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. പ്രൊഫോർമയും സ്കെച്ചും തയ്യാറാക്കി സമർപ്പിക്കേണ്ടത് ഉപഭോക്തൃ ഏജൻസിയായ കോളിയോട് പഞ്ചായത്താണ്. കോളിയോട് പഞ്ചായത്ത് വളരെ വേഗം ഇതു ചെയ്തു തന്നാൽ ഡി.എഫ്.ഒ. മുഖേന ഈ പണികൾ ത്വരിതപ്പെടുത്തുവാൻ ആവശ്യമായ എല്ലാ നടപടിയും സ്വീകരിക്കുന്നതാണ്.

(11) ആലപ്പുഴ തുറമുഖം പുനരുദ്ധരിക്കാൻ നടപടി

ശ്രീ. കെ. സി. വേണുഗോപാൽ : സർ, ആലപ്പുഴ തുറമുഖത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഞാൻ സഭയിൽ നാലാമത് തവണയാണ് അവതരിപ്പിക്കുന്നത്. അതിനിടയിൽ കഴിഞ്ഞ ദിവസം ആ തുറമുഖവുമായി ബന്ധപ്പെട്ട കടൽപ്പാലം തകർന്നുവീണ് പൂർണ്ണമായും നശിച്ച സാഹചര്യമാണ് ഉണ്ടായിരിക്കുന്നത്. ആലപ്പുഴയിലെ ജനങ്ങളെ സംബന്ധിച്ച് ഇതു വളരെ വികാരപരമായ ഒരു പ്രശ്നമാണ്. അവിടെ സർവ്വകക്ഷി ആക്ഷൻ കൗൺസിൽ, തുറമുഖത്തിന്റെ സംരക്ഷണത്തിനായി ഒരു സമര സമിതി ഉണ്ട്. സി.പി.ഐ.യുടെ നേതാവ് ശ്രീ. എം.ഡി. ചന്ദ്രസേനനും സി.പി.എം.ലുള്ള നേതാക്കന്മാർ അടക്കമുള്ള എല്ലാ രാഷ്ട്രീയ പാർട്ടിക്കാരും അതിൽ അംഗങ്ങളാണ്. ഇതിന് പല പ്രാവശ്യം സമരം നടത്തിയതാണ്. ഈ തുറമുഖത്തിന്റെ കടൽപ്പാലത്തിന്റെ അറ്റകുറ്റപ്പണികൾ തീർക്കണമെന്ന് ആവശ്യപ്പെട്ടു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് കഴിഞ്ഞ നാലു വർഷക്കാലമായി നിരന്തരമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. തുറമുഖ വകുപ്പു ഡയറക്ടർ അടക്കമുള്ള ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്ന ഗുരുതരമായ കൃത്യവിലോപം കൊണ്ടാണ് ഈ കടൽപ്പാലം തകർന്നുവീണിരിക്കുന്നത്. നാലു വർഷമായി കിട്ടാത്ത നീതി ബഹുമാനപ്പെട്ട മന്ത്രിയിൽനിന്നും കിട്ടുമെന്നാണ് ആലപ്പുഴക്കാർ കരുതുന്നത്. അതുകൊണ്ട് ഈ കടൽപ്പാലം നന്നാക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുകയും ആലപ്പുഴ തുറമുഖം പുനരുദ്ധരിപ്പിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുകയും വേണം. അതുമാത്രമല്ല ഗവൺമെന്റിനെ തെറ്റിദ്ധരിപ്പിച്ചുകൊണ്ടിരിക്കുന്ന ഉദ്യോഗസ്ഥന്മാർ, തുറമുഖ വകുപ്പു ഡയറക്ടർ അടക്കമുള്ള ഉന്നത ഉദ്യോഗസ്ഥന്മാർ ഈ തുറമുഖം നന്നാവുകയില്ല എന്ന റിപ്പോർട്ട് ഗവൺമെന്റിന് കൊടുക്കുന്നതുകൊണ്ടാണ് മന്ത്രിമാർ അതനുസരിച്ച് മുന്നോട്ടു പോകുന്നത്. അവർക്ക് എതിരെ കർശനമായ നടപടി സ്വീകരിക്കണം എന്നതാണ് ആലപ്പുഴക്കാരുടെ ആവശ്യം. അത് ഈ സഭയിൽ ഞാൻ ഉന്നയിക്കുകയാണ്.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) : സർ, ആലപ്പുഴ തുറമുഖത്തെ കടൽപ്പാലത്തിന് നൂറിൽപ്പരം വർഷത്തെ പഴക്കമുണ്ട്. ഇരുമ്പു തൂണുകളിലാണ് കടൽപ്പാലം നിർമ്മിച്ചിരിക്കുന്നത്. കാലപ്പഴക്കംകൊണ്ട് പാലത്തിന് വളരെയേറെ ബലക്ഷയം ഉണ്ടായിട്ടുണ്ട്. റെയ്ലിംഗ്, ബീം, പാലത്തിന്റെ തൂണുകൾ തുടങ്ങിയതിന്റെ പണിയിലൂടെ പാലം ബലപ്പെടുത്തുന്നതിനു ഏകദേശം 80 ലക്ഷം രൂപയോളം വേണ്ടിവരും. 1989-90-ൽ ആണ് അവസാനമായി ഇവിടെ കപ്പൽ വന്നത്. അതിനുശേഷം വിവിധ കയറ്റുമതി-ഇറക്കുമതി സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടു എങ്കിലും ആരും തന്നെ ആലപ്പുഴ തുറമുഖം ഉപയോഗിക്കുവാൻ മുന്നോട്ടുവന്നില്ല. ഈ സാഹചര്യത്തിൽ 80 ലക്ഷം രൂപ ചെലവഴിച്ച് പാലത്തിന്റെ പുനരുദ്ധാരണം നടത്തുന്നത് യുക്തിസഹജമാണെന്ന് തോന്നുന്നില്ല. എന്നിരുന്നാലും കാലാകാലങ്ങളിൽ അത്യാവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്ത് പാലം നിലനിർത്തിപോരുകയായിരുന്നു. കഴിഞ്ഞ കുറെ ദിവസങ്ങളായി ആലപ്പുഴ ഭാഗത്തെ കടൽ പ്രക്ഷുബ്ധമാകുകയും ശക്തമായ തിരമാലകൾ ആഞ്ഞടിക്കുകയും ചെയ്തപ്പോൾ കരയോട് ചേർന്നുള്ള പാലത്തിന്റെ പലകകൾ ഇളകിപ്പോകുകയും ചെയ്തു. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ സ്ഥലം സന്ദർശിച്ച് അടിയന്തിരമായി റിപ്പോർട്ട് നല്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥന്മാർ അവിടെ കൃത്യവിലോപം നടത്തിയെന്ന് എനിക്ക് തോന്നുന്നില്ല. എന്നിരുന്നാലും ആലപ്പുഴ തുറമുഖ കാര്യംചർച്ച ചെയ്യുന്നതിനുവേണ്ടിഞാൻതന്നെ മുൻകയ്യെടുത്ത് രണ്ടുവട്ടം തീയതി കുറിച്ചതാണ്. ആലപ്പുഴ ജില്ലയിലെ ചില അനിഷ്ടസംഭവങ്ങളാൽ ചർച്ച മാറ്റി വയ്ക്കുകയാണ് ചെയ്ത്. 9-3-2000-ൽ ആലപ്പുഴയിലെ എം.പി., എം.എൽ.എ. തുറമുഖ സംരക്ഷണ സമിതി, മുനിസിപ്പൽ ചെയർമാൻ എന്നിവരുടെ ഒരു യോഗം മന്ത്രിയുടെ ചേമ്പറിൽ വിളിച്ചുകൂട്ടുവാൻ തീരുമാനിച്ചിട്ടുണ്ട്. അതിലൂടെ പ്രശ്നം പരിഹരിക്കുവാൻ സാധിക്കുമെന്ന് എനിക്ക് തോന്നുന്നു.

(12) ബീഡി വ്യവസായത്തിലെ മിനിമംകൂലി നിശ്ചയിക്കുന്നതിൽ വരുന്ന കാലതാമസം

ശ്രീ. ടി. കെ. ബാലൻ : സർ, കേരളത്തിലെ രണ്ടു ലക്ഷത്തോളംവരുന്ന ബീഡി തൊഴിലാളികളുടെ ഒരു പ്രധാനപ്പെട്ട പ്രശ്നമാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. ബീഡി തൊഴിലാളികളിൽ 30, 000-ത്തോളം ആളുകൾ ദിനേശ് ബീഡി സഹകരണസംഘത്തിലാണ് പ്രവർത്തിക്കുന്നത്. സംഘടിത, അസംഘടിത മേഖലകളിലാണ് ഇവർ പ്രവർത്തിക്കുന്നത്. പകുതിയിലധികവും സ്ത്രീകളാണ് ബീഡി മേഖലയിലുള്ളത്. 1993 ജൂലായ് മാസത്തിലാണ് ഇവരുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചത്. ആറു വർഷം കഴിഞ്ഞിട്ടും മിനിമം വേതനം പുതുക്കിയിട്ടില്ല. 475 പോയിന്റ് ക്ഷാമബത്ത കണക്കാക്കിയാൽ സാധാരണ നിലയിൽ

LIBRARY ARCHIVES Kerala Legislative Assembly